പത്രക്കുറിപ്പ്

# പെൺകുട്ടികളുടെ നേർക്ക് അശ്ലീല പ്രദർശനം പ്രതി പിടിയിൽ

# നാടൻ ബോബ് എറിഞ്ഞ കേസിലെ- പ്രതി അറസ്റ്റിൽ

## കോവിഡ്-19

## വിലക്ക് ലംഘനം: 321 പേർക്കെതിരെ നിയമ നടപടി 59,700/- രൂപ പിഴ ഈടാക്കി

### അശ്ലീല പ്രദർശനം പ്രതി പിടിയിൽ

തിരുവനന്തപുരം:- പ്രായപൂർത്തിയാകാത്ത പെൺകുട്ടികളുടെ നേർക്ക് സ്ഥിരമായി അശ്ലീല പ്രദർശനം നടത്തിയ പ്രതിയെ ഫോർട്ട് പോലീസ് പിടികൂടിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. പേട്ട വില്ലേജിൽ പെരുന്താന്നി, ശ്രീവരാഹം സുബാഷ് നഗർ റ്റി.സി.36/1675-ൽ രാജേഷ് (40 വയസ്സ്) നെയാണ് ഫോർട്ട് പോലീസ് അറസ്റ്റ് ചെയ്തത്. കുടുബം കൂടെ ഇല്ലാതെ ഒറ്റക്ക് താമസിച്ചുവരുന്ന പ്രതി സമീപവാസികളായ പ്രായ പൂർത്തിയാകാത്ത പെൺകുട്ടികളുടെ നേർക്ക് സ്ഥിരമായി ഉടുവസ്ത്രം അഴിച്ച് ശരിരത്തിന്റെ സ്വകാര്യഭാഗങ്ങൾ കാണിക്കുന്നത് പതിവായിരുന്നു. രാത്രികാലങ്ങളിൽ പെൺകുട്ടികൾ താമസിക്കുന്ന വീടുകളുടെ സമീപം ചെന്ന് അശ്ലീല പ്രദർശനം നടത്തിയിരുന്നു. തുടർന്ന് പരാതി ലഭിച്ചതോടെ പോക്സോ ആക്ട് പ്രകാരം



ഫോർട്ട് പോലീസ് അറസ്റ്റ് ചെയ്ത
രാജേഷ് (40)

കേസി രജിസ്റ്റർ ചെയ്യുകയായിരുന്നു. ഫോർട്ട് എസ്.എച്ച്.ഒ രാഗേഷ്, എസ്.ഐ മാരായ വിമൽ, സെൽവി എസ് രാജ് എന്നിവരുടെ നേതൃത്വത്തിലുള്ള പോലീസ് സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്

## നാടൻ ബോംബ് എറിഞ്ഞകേസിലെ- പ്രതി അറസ്റ്റിൽ

നേമം, പൊന്നുമംഗംലം സ്വദേശിയുടെ കടയിലേക്ക് നാടൻ ബോംബ് എറിഞ്ഞകേസിലെ പ്രതി അറസ്റ്റിലായതായി ഐ.ജി.പിയും സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. കേസിലെ രണ്ടാം പ്രതിയായ കല്ലിയൂർ വില്ലേജിൽ, വല്ലംകോട്, കല്ലുവിള വീട്ടിൽ - വയസ്സ്) നെയാണ് നേമം പോലീസ് അറസ്റ്റ് ചെയ്തത്. നേമം, പൊന്നുമംഗംലം, താന്നിവിള നവാസ് മൻസിലിൽ നൈസ് മോൻ ഊക്കോട് നടത്തിവന്നിരുന്ന കോഴിക്കടയുടെ നേർക്കാണ് പ്രതികൾ നാടൻ ബോംബ് എറിഞ്ഞത്. ഒന്നാം പ്രതി കുത്തുപോണി അർഷാദിന്റെ കൂട്ടുകാരനെ പോലീസിനെകൊണ്ട് പിടിപ്പിച്ചത് നൈസ് മോൻ ആണെന്ന തെറ്റിദ്ധാരണയിലാണ് പ്രതികൾ നൈസ് മോൻ നടത്തിവരുന്ന കോഴിക്കടയുടെ നേർക്ക് നാടൻ ബോംബ് എറിഞ്ഞത്. ഒന്നാം പ്രതി കുത്തുപോണി അർഷാദ് ഉടൻ പിടിയിലാകുമെന്ന് നേമം പോലീസ് അറിയിച്ചു. നേമം എസ് എച്ച് ഓ അനൂപ് കൃഷ്ണ, എസ്.ഐ സുരേഷ് കുമാർ, എ.എസ്.ഐ ഷിബു,



നേമം പോലീസ് അറസ്റ്റ് ചെയ്ത
പ്രശാന്ത് (32)

**പത്മകുമാർ, സി.പി.ഒ മാരായ ഗിരി, ബിമൽ മിത്ര, രതീഷ് എന്നിവരുടെ നേതൃത്വത്തിലുള്ള പോലീസ് സംഘമാണ് അന്വേഷണത്തിനും അറസ്റ്റിനും നേതൃത്വം നല്കിയത്.**

## കോവിഡ്–19 കേസ് വിവരം

**നഗരത്തിലെ കോവിഡ് രോഗവ്യാപനത്തിന്റെ തീവ്രത കണക്കിലെടുത്ത് തിരുവനന്തപുരം സിറ്റി പോലീസ് ഇന്നലെ (10–10–2020) നടത്തിയ പരിശോധനയിൽ 321 പേർക്കെതിരെ നിയമ നടപടി സ്വീകരിച്ചു. മാസ്ക് ധരിക്കാതെ പൊതുസ്ഥലങ്ങളിൽ കണ്ടെത്തിയ 257 പേർക്കെതിരെയും സാമൂഹ്യഅകലം പാലിക്കാതെ കാണപ്പെട്ട 29 പേർക്കെതിരെയും മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ സർവ്വീസ് നടത്തിയ 6 വാഹനങ്ങൾക്കെതിരെയും മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിച്ച 5 കടകൾക്കെതിരെയും നടപടി സ്വീകരിച്ചു. വിവിധ വിലക്ക് ലംഘനങ്ങൾക്ക് പിടിയിലായവരിൽ നിന്നും 59,700/– രൂപയാണ് പിഴ ഇനത്തിൽ ഈടാക്കിയത്. അതോടൊപ്പം തലസ്ഥാനത്ത് ഇന്നലെ കോവിഡ് മാർഗ്ഗ നിർദേശങ്ങൾ പാലിക്കാതെ രോഗവ്യപനം ഉണ്ടാകുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 24 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്–2020 പ്രകാരവും കേസെടുത്തതായി കമ്മീഷണർ അറിയിച്ചു.**

തിരുവനന്തപുരം സിറ്റി

10–10–2020

**ഐ ജി പി & കമ്മീഷണർക്ക് വേണ്ടി**

10/10/2020.

OFFICE OF THE COMMISSIONER OF POLICE * THIRUVANANTHAPURAM CITY * Government of Kerala

**പബ്ലിക് റിലേഷൻസ് ഓഫീസർ**

**തിരുവനന്തപുരം സിറ്റി**